ശ്രീ രാമ രക്ഷാവ്രതം

ശ്രീരാമ ഭഗവാനാൽ അനുഗ്രഹിക്കപ്പെട്ട ദിവ്യ വ്രതം.

തിമ്മരാജു വിശ്വപതി രാമകൃഷ്ണ മൂർത്തിയാൽ രചിക്കപ്പെട്ടത്.

ഓം ദാശരഥായ വിദ്മഹേ

സീതാ വല്ലഭായ ധീമഹീ

തന്നോ രാമചന്ദ്ര പ്രചോദയാത്

ശ്രീരസ്തു ശുഭമസ്തു അവിഘ്നമസ്തു

ശ്രീ രാമ രക്ഷാവ്രതം

ശ്രീരാമ ഭഗവാനാൽ അനുഗ്രഹിക്കപ്പെട്ട ദിവ്യ വ്രതം.

തിമ്മ രാജു വിശ്വപതി രാമകൃഷ്ണ മൂർത്തിയാൽ രചിക്കപ്പെട്ടത്.

(T.V.R.K. Murthy)

Shri Designs
Vedic Logo designers
www.lordofsevenhills.com
www.vratams.com

Ph: +91 40 23713752
Hyderabad
2017

ആമുഖം

ശ്രീ രാമ രാമ രാമേതി രാമേ രാമേ മനോരമേ
സഹസ്രനാമ തത് തുല്യം രാമ നാമ വരാനനേ.

ശ്രീരാമ നാമം ദിവ്യത്വത്തിന്റെ മൂർത്തിമത് ഭാവമാണ്. ഈ നാമം ശക്തവും സർവ്വ ഐശ്വര്യങ്ങൾ നൽകി അനുഗ്രഹിക്കുന്നതുമാണ്. രാമനാമം ജപിക്കുന്നവർക്ക് യാതൊരു ആപത്തും സംഭവിക്കുകയുമില്ല, ശ്രീരാമചന്ദ്ര ഭഗവാന്റെ സംരക്ഷണം എപ്പോഴും ലഭിക്കുകയും ചെയ്യും. രാമനാമം എത്രത്തോളം ജപിക്കുന്നുവോ അത്രത്തോളം നന്മയും ഉണ്ടാകും. അതുപോലെ ജീവിതത്തിൽ ഉന്നതിയും ലഭിക്കും ഈ നാമം ജപിക്കുവാൻ വളരെ എളുപ്പവുമാണ്.

ശ്രീ. ശ്രീനിവാസ ഭഗവാന്റെ കൃപയാൽ ഇതുവരെ ഭഗവാന്റെ ലീലകളെക്കുറിച്ച് 16 പുസ്തകങ്ങൾ എഴുതുവാനായി സാധിച്ചു. ഭഗവാന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് ലോകമെമ്പാടുമുള്ള ഭക്തന്മാർ ഈ പുസ്തകങ്ങൾ എല്ലാം വായിക്കുന്നത്. വ്രതങ്ങളിൽ വെച്ച് ശ്രീ. വെങ്കടേശ്വര വ്രത കൽപവും, ശ്രീ. ലക്ഷ്മി നരസിംഹ വ്രത കൽപവും, ശ്രീ. ആനന്ദ ആഞ്ജനേയവുമാണ് കൂടുതൽ പ്രസിദ്ധിയാർജ്ജിച്ചത്. വളരെയധികം ഭക്തന്മാർ ഈ മൂന്നു വ്രതവും തങ്ങളുടെ ഗൃഹങ്ങളിൽ വെച്ചും, ക്ഷേത്രങ്ങളിൽ വെച്ചും അനുഷ്ഠിക്കുന്നുണ്ട്.

വളരെ കാലമായി ഭക്തന്മാർ ശ്രീരാമചന്ദ്ര ഭഗവാനെക്കുറിച്ചുള്ള ഒരു വ്രതം എഴുതുവാനായി എന്നോട് ആവശ്യപ്പെടാറുണ്ട്. ശ്രീരാമ ഭഗവാന്റെ അനുഗ്രഹം ഒന്നു കൊണ്ട് മാത്രമാണ് എനിക്ക് ഈ വ്രതം എഴുതുവാനായി സാധിച്ചത്. ഭഗവാന്റെയോ, ദേവിയുടെയോ അനുഗ്രഹമില്ലാതെ ഒരാൾക്കും ഒരു ആത്മീയ ഗ്രന്ഥവും എഴുതുവാൻ സാധിക്കുകയില്ല. ഞാൻ എഴുതിയിട്ടുള്ള എല്ലാ പുസ്തകങ്ങൾക്കു പിന്നിലും എപ്പോഴും ദൈവീകമായ ഒരു ഇടപ്പെടൽ ഉണ്ടായിട്ടുണ്ട്. ഒരു ദിവസം ഉച്ചയ്ക്ക് അതികായനായ ഒരാചാര്യ പുരുഷൻ എന്റെ ഗൃഹത്തിൽ എത്തിചേർന്നു. അദ്ദേഹം പറഞ്ഞത്, അടുത്തുള്ള ശ്രീരാമ ക്ഷേത്രത്തിൽ നിന്നുമാണ് താൻ വരുന്നതെന്നാണ്. കൂടാതെ അദ്ദേഹത്തിന്റെ കൈവശം ഞാൻ എഴുതിയിട്ടുള്ള ശ്രീ. വെങ്കടേശ്വര വ്രത കൽപവും, ശ്രീ. ലക്ഷ്മി നരസിംഹ വ്രത കൽപവും ഉണ്ടായിരുന്നു. അദ്ദേഹം എന്നോട് ശ്രീരാമ വ്രതം നിർബന്ധമായും എഴുതുവാൻ കൽപിച്ചു. ഭഗവാന്റെ അനുഗ്രഹം ലഭിച്ചാൽ ഉടൻ തന്നെ എഴുതാമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം പോയതിനു ശേഷമാണ് അങ്ങനെയൊരു ക്ഷേത്രം അവിടെയില്ല എന്ന കാര്യം ഞാൻ ഓർത്തത്. അത്ഭുതകരമായ കാര്യം എന്തെന്നാൽ, തിരികെ വരും എന്നു പറഞ്ഞ ആ വ്യക്തി ഇതുവരെയും വന്നിട്ടില്ല. ഒരു പക്ഷേ ശ്രീരാമചന്ദ്ര ഭഗവാൻ തന്നെ ആയിരിക്കും അദ്ദേഹത്തിന്റെ രൂപത്തിൽ എനിക്ക് ദർശനം നൽകിയത്. ഇതിൽ രസകരമായ മറ്റൊരു കാര്യം എന്തെന്നാൽ, അതേ വർഷത്തിൽ തന്നെ എനിക്ക് പരിചയം ഇല്ലാത്ത കുറച്ചു ഭക്തന്മാർ ഭദ്രാചലത്തിലെ ശ്രീ. സീതാരാമ കല്യാണത്തിന്റെ പ്രസാദമായ മുത്തോടുകൂടിയ അക്ഷന്ത (അരിയും മഞ്ഞളും കലർന്നത്) എനിക്ക് കൊണ്ടു വന്നു തന്നു. ആദ്യമായിട്ടാണ് ഭഗവാന്റെ കല്യാണത്തിന്റെ മുത്തുകൾ ഞാൻ കാണുന്നത്.

മറ്റൊരു അതിശയം എന്തെന്നാൽ, ഈ പുസ്തകം പൂർണ്ണമായത് ശ്രീരാമ ഭഗവാന്റെ ജന്മ നക്ഷത്രമായ പുണർതം നാളിലാണ്. ഭഗവാന്റെ അനുഗ്രഹമായാണ് ഞാൻ ഇതിനെ കണക്കാക്കുന്നത്. കൂടാതെ തിരുപ്പതി ശ്രീ. കോദണ്ഡ രാമ ക്ഷേത്രത്തിലെ പവിത്രോത്സവത്തിന്റെ അവസാന ദിനം കൂടിയായിരുന്നു അന്ന്.

പേന കൈയ്യിൽ പിടിക്കുക മാത്രമേ ഞാൻ ചെയ്തിട്ടുള്ളു ശ്രീരാമ ഭഗവാന്റെ അനുഗ്രഹം കൊണ്ട് മാത്രമാണ് എനിക്ക് ഓരോ വാക്കുകളും എഴുതുവാനായി സാധിച്ചത്. ഈ വ്രതം ചെയ്യുവാൻ വളരെ എളുപ്പമാണ്. ഭക്തിയോടെ ഈ വ്രതം അനുഷ്ഠിക്കുന്ന എല്ലാ ഭക്തന്മാർക്കും ഭഗവാന്റെ അനുഗ്രഹം ലഭിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ഈ പുസ്തകം അച്ചടിക്കുവാൻ സഹായിച്ച ശ്രീ. വാസവി പ്രിന്റേഴ്സിന്റെ ഉടമകളായ ജഗദീഷ് ദമ്പതികൾക്ക് ഞാൻ എന്റെ നന്ദി രേഖപ്പെടുത്തുന്നു. ശ്രീ. സീതാരാമചന്ദ്ര സ്വാമിയുടെ അനുഗ്രഹം അവർക്ക് എപ്പോഴും ലഭിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ഈ പുസ്തകം പ്രസിദ്ധീകരിക്കുവാനായി സഹായിച്ച ശ്രീ. G.V.R രവിക്കും ശ്രീമതി. വിജയലക്ഷ്മി അവർകൾക്കും എന്റെ പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. അവർക്കും അവരുടെ കുടുംബത്തിനും ശ്രീ. സീതാ രാമചന്ദ്ര ഭഗവാന്റെ അനുഗ്രഹം ലഭിക്കുവാനായി ഞാൻ പ്രാർത്ഥിക്കുന്നു.

ഈ പുസ്തകം പ്രസിദ്ധീകരിക്കുവാനായി പ്രത്യക്ഷമായും, പരോക്ഷമായും സഹായിച്ച എല്ലാവർക്കും; അതുപോലെ ഭക്തിയോടെ ഇത് അനുഷ്ഠിക്കുന്നവർക്കും, പ്രസാദം സ്വീകരിക്കുന്നവർക്കും ഭഗവാൻ ആയുരാരോഗ്യസൗഖ്യവും, സർവ്വ ഐശ്വര്യവും നൽകി അനുഗ്രഹിക്കുമാറാകട്ടെ. !!!

"സർവ്വ ജന സുഖിനോ ഭവന്തു"

"ശ്രീ സീതാരാമചന്ദ്ര കടാക്ഷ സിദ്ധിരസ്തു
സമസ്ത സൻമംഗളാനി ഭവന്തു"

തിമ്മരാജു വിശ്വപതി രാമകൃഷ്ണ മൂർത്തി

Viswapathi@yahoo.com
Shridesigns@gmail.com
ഹൈദരാബാദ്

വ്രതം ചെയ്യേണ്ട രീതി

ഈ പുസ്തകം ജാതി, മത, സ്ത്രീ, പുരുഷ, പ്രായ ഭേദമന്യേ ആർക്കും എപ്പോൾ വേണമെങ്കിലും ഏതു സമയത്തും വായിക്കാം. ഈ വ്രതം ഏകാദശി അല്ലെങ്കിൽ പൗർണമി തിഥികളിലോ, പുണർതം അല്ലെങ്കിൽ തിരുവോണം നാളുകളിലോ, ബുധനാഴ്ചയോ, ശനിയാഴ്ചയോ ചെയ്താൽ വളരെ പുണ്യകരമാണ്. ഇത് ചൈത്രം, വൈശാഖം, ചിങ്ങം, കാർത്തിക മാസങ്ങളിൽ അനുഷ്ഠിച്ചാൽ പൂർവ്വ ജന്മ പാപങ്ങൾ ഇല്ലാതായി വളരെയധികം പുണ്യം ലഭിക്കും. ഈ വ്രതം ചെയ്യുമ്പോൾ ഉപവസിക്കേണ്ട ആവശ്യമില്ല. വ്രതം ചെയ്യുന്നതിന് മുൻപായി ഗണപതി ഭഗവാനേയും, നവഗ്രഹങ്ങളെയും, അഷ്ടദിക് പാലകന്മാരെയും മനസ്സിൽ നമസ്കരിക്കണം. അതിനുശേഷം മനസ്സിൽ അവരവരുടെ പേരും, അവരവരുടെ കുടുംബാംഗങ്ങളുടെ പേരും, ഗോത്രവും (ജാതി) പറയുക. അതിനുശേഷം ശ്രീ. സീതാ രാമചന്ദ്രന്മാരുടെ അഷ്ടോത്തരം ചൊല്ലുകയും പിന്നീട് ആതംഗ പൂജയും, ഭഗവാന്റെ 5 കഥകളും വായിച്ചതിനു ശേഷം അവസാനം പഴങ്ങൾ നൈവേദ്യമായി സമർപ്പിക്കുക.

ദമ്പതികൾ ഒരുമിച്ചോ, ഒറ്റയ്ക്കോ ഈ വ്രതം അനുഷ്ഠിക്കാം. പങ്കാളികൾ നഷ്ടപ്പെട്ടവർക്കും യാതൊരു പ്രയാസവും കൂടാതെ ഈ വ്രതം ചെയ്യാം. എല്ലാ ശനിയാഴ്ചയും 5 വ്രത കഥകൾ വായിക്കുകയും ഭഗവാന് നൈവേദ്യമായി പഴങ്ങൾ, വട പാപ്പു (ചെറുപയർ പരിപ്പ് വെള്ളത്തിൽ കുതിർത്തത്), പാനകം (1 കപ്പ് വെള്ളത്തിൽ ഒരു കഷ്ണം ശർക്കര, കുറച്ച് ചുക്ക് അല്ലെങ്കിൽ ഇഞ്ചി ചതച്ചത്, ഏലക്ക ചതച്ചത് തിളപ്പിക്കുക അവസാനം തണുത്തു കഴിയുമ്പോൾ ഒരു നാരങ്ങ പിഴിഞ്ഞ് ചേർക്കുക) സമർപ്പിക്കുക. ഈ പ്രസാദം കഴിക്കുക വഴി എല്ലാവരുടെയും ആരോഗ്യ പ്രശ്നങ്ങൾ മാറുകയും മരണഭയം ഇല്ലാതാകുകയും ചെയ്യും. ഈ വ്രതം വായിക്കുവാൻ സാധിച്ചില്ലെങ്കിൽ കൂടി കഥകൾ ശ്രവിച്ചാൽ തന്നെയും എല്ലാവിധ അനുഗ്രഹവും ലഭിക്കുന്നതായിരിക്കും. എല്ലാ ശനിയാഴ്ചയും ശ്രീ. രാമചന്ദ്ര ഭഗവാന്റെ ക്ഷേത്രത്തിലെ പുരോഹിതന്മാർ ഈ വ്രതം വായിക്കുകയാണെങ്കിൽ ആ ക്ഷേത്രം വളരെ പുണ്യമുള്ളതാകുകയും അവിടെ വരുന്ന ഭക്തന്മാർക്ക് ശ്രീ. സീതാ രാമചന്ദ്രന്മാരുടെ അനുഗ്രഹത്താൽ ആയുരാരോഗ്യസൗഖ്യവും ലഭിക്കും.

ഈ വ്രതം ശ്രീരാമചന്ദ്ര ഭഗവാന്റെ ക്ഷേത്രത്തിൽ വെച്ച് അനുഷ്ഠിക്കുകയാണെങ്കിൽ അവർക്ക് ദീർഘായുസ്സും, ഐശ്വര്യവും നൽകി ഭഗവാൻ അനുഗ്രഹിക്കും. മറ്റുള്ളവർക്ക് വേണ്ടിയും ഈ വ്രതം വായിക്കാം (കുട്ടികൾ, ബന്ധുമിത്രാദികൾ). 3 ശനിയാഴ്ചകളിൽ ഗൃഹങ്ങളിലോ, ക്ഷേത്രങ്ങളിലോ വെച്ച് ഇത് വായിച്ചാൽ ശ്രീരാമ ഭഗവാന്റെ എല്ലാവിധ അനുഗ്രഹങ്ങളും ലഭിക്കും. പറ്റുമെങ്കിൽ പുരോഹിതനെ വെച്ച് ഈ വ്രതം അനുഷ്ഠിക്കാം. കലശം സ്ഥാപിച്ച്, അഷ്ടദിക് പാലകരെയും, നവഗ്രഹങ്ങളെയും, ലോകപാലകരേയും ആവാഹിച്ച് യഥാസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ച് ഈ വ്രതം അനുഷ്ഠിച്ചാൽ വളരെയധികം ഫലപ്രദമാണ്. ഏതെങ്കിലും പ്രധാനപ്പെട്ട കാര്യങ്ങൾ തുടങ്ങുന്നതിനു മുൻപായി ഈ വ്രതം അനുഷ്ഠിച്ചാൽ ശ്രീ. സീതാ രാമചന്ദ്രന്മാരുടെ അനുഗ്രഹത്താൽ അതിൽ വിജയം കൈവരിക്കും. അതുപോലെ ഏതെങ്കിലും അപ്രതീക്ഷിത വിഷമങ്ങളാൽ കഷ്ടപ്പെടുമ്പോൾ ദിവസവും, ആഴ്ചയും, നാളും ഒന്നും നോക്കാതെ ഈ വ്രതം ചെയ്താൽ ഭഗവാന്റെ അനുഗ്രഹത്താൽ മനഃശാന്തി ലഭിക്കും.

തിമ്മരാജു വിശ്വപതി കൃഷ്ണമൂർത്തി

ആതംഗ പൂജ

(ശ്രീരാമ ഭഗവാന്റെ ഓരോ അംഗങ്ങളെയും മനസ്സിൽ പ്രാർത്ഥിക്കുക)

ഓരോ വരികൾ ചൊല്ലി കഴിയുമ്പോഴും, ഭഗവാന് പൂക്കൾ, അക്ഷിന്ത, ഭസ്മം അല്ലെങ്കിൽ കുങ്കുമം സമർപ്പിക്കുക.

ഓം ശ്രീ രാമായ നമ:	പാദൗ പൂജയാമി
ഓം ശ്രീ രാമഭദ്രായ നമ:	ജംഘേ പൂജയാമി
ഓം ശ്രീ രാമചന്ദ്രായ നമ:	ജാനൂനി പൂജയാമി
ഓം ശ്രീ ശാശ്വതായ നമ:	ഊരു പൂജയാമി
ഓം ശ്രീ കടവല്ലഭായ നമ:	കഠിം പൂജയാമി
ഓം ശ്രീ ദശരഥ ആത്മജായ നമ:	ഉദരം പൂജയാമി
ഓം ശ്രീ കൗസല്യായ നമ:	നാഭിം പൂജയാമി
ഓം ശ്രീ ലക്ഷ്മണാഗ്രജായ നമ:	വക്ഷസ്ഥലം പൂജയാമി
ഓം ശ്രീ കൗസ്തുഭ ആഭരണായ നമ:	കണ്ഠം പൂജയാമി
ഓം ശ്രീ രാജ രാജായ നമ:	സ്കന്ദൗ പൂജയാമി
ഓം ശ്രീ കോദണ്ഡ ധരായണ നമ:	ബാഹും പൂജയാമി
ഓം ശ്രീ ഭരത അഗ്രജായ നമ:	മുഖം പൂജയാമി
ഓം ശ്രീ പത്മാക്ഷായ നമ:	നേത്രേ പൂജയാമി
ഓം ശ്രീ സർവ്വേശ്വരായ നമ:	ശിരഃ പൂജയാമി

ഓം ശ്രീ രാമചന്ദ്ര പരബ്രഹ്മണേ നമ:
സർവാന്യാംഗാനി പൂജയാമി

ശ്രീരാമ അഷ്ടോത്തര ശതനാമാവലി

ഓം ശ്രീരാമായ നമ:	ഓം രാമഭദ്രായ നമ:
ഓം രാമ ചന്ദ്രായ നമ:	ഓം ശാശ്വതായ നമ:
ഓം രാജീവലോചനായ നമ:	ഓം ശ്രീമതേ നമ:
ഓം രാജേന്ദ്രായ നമ:	ഓം രഘുപുംഗവായ നമ:
ഓം ജാനകീവല്ലഭായ നമ:	ഓം ജൈത്രായ നമ:
ഓം ജിതാമിത്രായ നമ:	ഓം ജനാർദ്ധനായ നമ:
ഓം വിശ്വാമിത്ര പ്രിയായ നമ:	ഓം ദാന്തായ നമ:
ഓം ശരണ ത്രാണ തത്പരായ നമ:	ഓം ബാലി പ്രമഥനായ നമ:
ഓം വാഗ്മിനേ നമ:	ഓം സത്യവാചേ നമ:
ഓം സത്യ വിക്രമായ നമ:	ഓം സത്യ വ്രതായ നമ:
ഓം വ്രത ധരായ നമ:	ഓം സദാ ഹനുമദാശ്രിതായ നമ:
ഓം കൗസലേന്ദ്രായ നമ:	ഓം ഖരധ്വംസിനേ നമ:
ഓം വിരാധവധ പണ്ഡിതായ നമ:	ഓം വിഭീഷണ പരിധാത്രേ നമ:
ഓം ഹരകോദണ്ഠ ഖണ്ഡനായ നമ:	ഓം സപ്തതാല പ്രഭേദ്രേ നമ:
ഓം ദശഗ്രീവ ശിരോഹരായ നമ:	ഓം ജാമദഗ്ന്യ മഹാദർപ്പ ദളനായ നമ:
ഓം താടകാന്തകായ നമ:	ഓം വേദാന്ത സാരായ നമ:
ഓം വേദാത്മനേ നമ:	ഓം ഭവരോഗസ്യ ഭേഷജായ നമ:
ഓം ദൂഷണ ത്രിശിരോഹന്ത്രേ നമ:	ഓം ത്രിമൂർത്തയേ നമ:
ഓം ത്രിഗുണാത്മകായ നമ:	ഓം ത്രിവിക്രമായ നമ:
ഓം ത്രിലോകാത്മനേ നമ:	ഓം പുണ്യചാരിത്ര കീർത്തനായ നമ:
ഓം ത്രിലോക രക്ഷകായ നമ:	ഓം ധന്വിനേ നമ:
ഓം ദണ്ഡകാരണ്യ കർത്തനായ നമ:	ഓം അഹല്യാശാപ ശമനായ നമ:

ഓം പിതൃ ഭക്തായ നമ:	ഓം വരപ്രദായ നമ:
ഓം ജിതേന്ദ്രിയായ നമ:	ഓം ജിതക്രോധായ നമ:
ഓം ജിതാമിത്രായ നമ:	ഓം ജഗദ് ഗുരുവേ നമ:
ഓം ഋഷവാനര സംഘാതിനേ നമ:	ഓം ചിത്രകൂട സമാശ്രയായ നമ:
ഓം ജയന്തത്രാണ വരദായ നമ:	ഓം സുമിത്രാപുത്ര സേവിതായ നമ:
ഓം സർവ്വ ദേവാധി ദേവായ നമ:	ഓം മൃതവാനര ജീവനായ നമ:
ഓം മായാ മാരീച ഹന്ത്രേ നമ:	ഓം മഹാദേവായ നമ:
ഓം മഹാഭുജായ നമ:	ഓം സർവ ദേവ സ്തുതായ നമ:
ഓം സൗമ്യായ നമ:	ഓം ബ്രഹ്മണ്യായ നമ:
ഓം മുനി സംസ്തുതായ നമ:	ഓം മഹായോഗിനേ നമ:
ഓം മഹോദരായ നമ:	ഓം സുഗ്രീവേപ്സിത രാജ്യദായ നമ:
ഓം സർവ്വപുണ്യാധിക ഫലായ നമ:	ഓം സ്മൃത സർവാഘ നാശനായ നമ:
ഓം ആദിപുരുഷായ നമ:	ഓം പരമപുരുഷായ നമ:
ഓം മഹാപുരുഷായ നമ:	ഓം പുണ്യോദയായ നമ:
ഓം ദയാസാരായ നമ:	ഓം പുരാണ പുരുഷോത്തമായ നമ:
ഓം സ്മിതവക്ത്രായ നമ:	ഓം മിതഭാഷിണേ നമ:
ഓം പൂർവ്വ ഭാഷിണേ നമ:	ഓം രാഘവായ നമ:
ഓം അനന്തഗുണ ഗംഭീരായ നമ:	ഓം ധിരോദാത്ത ഗുണോത്തമായ നമ:
ഓം മായാമാനുഷ ചരിത്രായ നമ:	ഓം മഹാദേവാദി പൂജിതായ നമ:
ഓം സേതുകൃതേ നമ:	ഓം ജിത വാരാശയേ നമ:
ഓം സർവ്വ തീർത്ഥമയായ നമ:	ഓം ഹരയേ നമ:
ഓം ശ്യാമാംഗായ നമ:	ഓം സുന്ദരായ നമ:
ഓം ശൂരായ നമ:	ഓം പീതവാസസേ നമ:
ഓം ധനുർ ധരായ നമ:	ഓം സർവ്വ യജ്ഞാധിപായ നമ:
ഓം യജ്വിനേ നമ:	ഓം ജരാമരണ വർജ്ജിതായ നമ:
ഓം വിഭീഷണ പ്രതിഷ്ഠാത്രേ നമ:	ഓം സർവ്വാഭരണ വർജ്ജിതായ നമ:
ഓം പരമാത്മനേ നമ:	ഓം പരബ്രഹ്മണേ നമ:

ഓം സച്ചിദാനന്ദ വിഗ്രഹായ നമ:	ഓം പരസ്മൈ ജ്യോതിഷേ നമ:
ഓം പരസ്മൈ ധാമ്നേ നമ:	ഓം പരാകാശായ നമ:
ഓം പരാത്പരായ നമ:	ഓം പരേശായ നമ:
ഓം പാരകായ നമ:	ഓം പരായ നമ:
ഓം സർവ്വ ദേവാത്മകായ നമ:	ഓം പരസ്മൈ നമ:

| ഇതി ശ്രീരാമ അഷ്ടോത്തര ശതനാമാവലി സമാപ്തം |

ശ്രീ സീതാ അഷ്ടോത്തര ശതനാമാവലി

ഓം ശാന്തായൈ നമ:	ഓം സർവ്വവിദ്യായൈ നമ:
ഓം മഹേശ്വര്യേ നമ:	ഓം മഹാവിദ്യായൈ നമ:
ഓം നിത്യായൈ നമ:	ഓം സുശോഭനായൈ നമ:
ഓം ശാശ്വതായൈ നമ:	ഓം ശോഭയൈ നമ:
ഓം പരമായൈ നമ:	ഓം വംശകർത്ത്യയ് നമ:
ഓം അക്ഷരായൈ നമ:	ഓം ലീലായൈ നമ:
ഓം അചിന്ത്യായൈ നമ:	ഓം മാനിന്യേ നമ:
ഓം കേവലായൈ നമ:	ഓം പരമേഷ്ഠിന്യേ നമ:
ഓം അനന്തായൈ നമ:	ഓം ത്രൈലോക്യ സുന്ദര്യയൈ നമ:
ഓം ശിവാത്മനേ നമ:	ഓം ജ്ഞാനസുന്ദര്യയൈ നമ:
ഓം പരമാത്മികായൈ നമ:	ഓം കാമചാരിണ്യയൈ നമ:
ഓം ജനകകായൈ നമ:	ഓം വിരൂപയയൈ നമ:
ഓം മിഥിലാനന്ദായൈ നമ:	ഓം സ്വരൂപയയൈ നമ:
ഓം രക്ഷാസന്ത നിഥായൈന്യേ നമ:	ഓം ഭീമയൈ നമ:
ഓം രാവണാന്ത കര്യായൈ നമ:	ഓം മോക്ഷപ്രഥായിന്യേ നമ:
ഓം രമ്യാമയായൈ നമ:	ഓം ഭക്താർത്തി നാശിന്യേ നമ:
ഓം രാമവക്ഷസ്ഥലസ്ഥിതായൈ നമ:	ഓം ഭവ്യായൈ നമ:
ഓം പ്രാണേശ്വര്യായൈ നമ:	ഓം ഭവവിനാശിന്യേ നമ:
ഓം പ്രാണരൂപയായൈ നമ:	ഓം വിക്യത്യേയ് നമ:
ഓം പ്രധാന പുരുഷേശ്വര്യായൈ നമ:	ഓം ശാങ്കര്യയ് നമ:
ഓം സർവ്വ ശക്തിയായൈ നമ:	ഓം ശാസ്ത്രയൈ നമ:
ഓം കലായ നമ:	ഓം യക്ഷ ഗന്ധർവ്വ സേവിതായൈ നമ:
ഓം കാസ്തയായൈ നമ:	ഓം വൈശ്വാനർത്യേ നമ:
ഓം ജ്യോത്സ്നയായൈ നമ:	ഓം മഹാശീലായൈ നമഹ

ഓം ഇന്ദുമഹിമാ സ്പധയായൈ നമ:	ഓം ദേവസേനാപ്രിയായൈ നമ:
ഓം പുരാണയായൈ നമ:	ഓം ഭർതൃ സേവാപരായണായൈ നമ:
ഓം ചിന്മയായൈ നമ:	ഓം ഗുഹ വത്സലായൈ നമ:
ഓം പുരസാമാധായായൈ നമ:	ഓം ഹിരൺമന്യ്യേ നമ:
ഓം ഭൂതാന്ത രൂരിണ്യായൈ നമ:	ഓം മഹാധാത്ര്യേ നമ:
ഓം ഭൂതാന്ത രാത്മനേയൈ നമ:	ഓം സംസാര പരിവർത്തികായൈ നമ:
ഓം കൂടസ്ഥയയൈ നമ:	ഓം സുമാലിന്യേ നമ:
ഓം മഹാപുരുഷ സമഗ്നിതയയൈ നമ:	ഓം വൈഷ്ണവ്യൈ നമ:
ഓം സ്വവര്യായൈ നമ:	ഓം താരിണ്യയ് നമ:
ഓം കാര്യ ജനന്യേ നമ:	ഓം വാദിന്യേ നമ:
ഓം ബ്രഹ്മസ്യായൈ നമ:	ഓം പ്രഭായൈ നമ:
ഓം ബ്രഹ്മസംശ്രയായൈ നമ:	ഓം ജഗത് പ്രിയായൈ നമ:
ഓം വ്യക്തയയൈ നമ:	ഓം ജഗൻ മൂർത്ത്യയ് നമ:
ഓം പ്രഥമജായൈ നമ:	ഓം ശ്രീ മൂർത്ത്യയ് നമ:
ഓം ബ്രഹ്മ്യയൈ നമ:	ഓം അമൃതാശ്രയായൈ നമ:
ഓം മഹാത് യയൈ നമ:	ഓം നിരാശ്രയായൈ നമ:
ഓം ജ്ഞാനരൂപിണ്യയ് നമ:	ഓം നിരാഹാരായൈ നമ:
ഓം യോഗിന്യേ നമ:	ഓം പതി ഭക്തി വിരാജിതായൈ നമ:
ഓം സമുതാനായൈ നമ:	ഓം സത്യയ് നമ:
ഓം ഭുക്തി മുക്തി ഫലപ്രദായൈ നമ:	ഓം ശ്രീമത്യയ് നമ:
ഓം സർവേശ്വര്യേ നമ:	ഓം ശ്രീശായൈ നമ:
ഓം സർവ്വവർണ്ണായൈ നമ:	ഓം ശ്രീ ശ്രീനിവാസായൈ നമ:
ഓം മോഹിന്യേ നമ:	ഓം ഹരിപ്രിയായൈ നമ:
ഓം മുദിത മാനസയൈ നമ:	ഓം ശ്രീ കർത്ത്യയ് നമ:
ഓം വസവ്യയൈ നമ:	ഓം ഭക്താനുകമ്പായൈ നമ:
ഓം വരദയയൈ നമ:	ഓം ശ്രീധാരായൈ നമ:
ഓം അവാച്യായൈ നമ:	ഓം ജനകാത്മജായൈ നമ:

ഓം കര്യയൈ നമ:	ഓം പുരാവേദവതിരൂപയൈ നമ:
ഓം സർവ്വാർത്ഥ സാധനായയൈ നമ:	ഓം സദാ ഹനുമദ് ആശ്രിതായൈ നമ:
ഓം വാഗീശ്വര്യേ നമ:	ഓം ശ്രീ പട്ടാഭി രാമ പ്രിയങ്കനായൈ നമ:

| ശ്രീ സീതാ അഷ്ടോത്തര ശതനാമാവലി സമാപ്തം |

ശ്രീരാമ ദ്വാദശ നാമ സ്തോത്രം

പ്രഥമം ശ്രീധരം നാമ

ദ്വിതീയം ദശരഥാത്മജം

തൃതീയം രാമചന്ദ്രം ച

ചതുർത്ഥം രാവണാന്തകം

പഞ്ചമം ലോക പൂജ്യം ച

ഷഷ്ഠം ശ്രീ ജാനകീ പ്രിയം

സപ്തമം വാസുദേവം ച

ശ്രീരാമം അഷ്ടമം തഥാ

നവമം ഫാലചന്ദ്രം ച

ദശമം ലക്ഷ്മണാഗ്രജം

ഏകാദശം ച ഗോവിന്ദം

ദ്വാദശം സേതുബന്ധനം.

ശ്രീ രാമ രക്ഷാവ്രതം

അദ്ധ്യായം ഒന്ന്

വിക്രമ വർമ്മ കഥ

ശ്രീ രാമചന്ദ്ര ഭഗവാൻ ഭക്ത വത്സലനാണ്. ഭഗവാനിൽ പൂർണ്ണ വിശ്വാസം അർപ്പിക്കുന്ന ഭക്തന്മാരെ അദ്ദേഹം സംരക്ഷിക്കും. തന്റെ ഭക്തന്മാരോട് ഭഗവാന് വളരെയധികം സ്നേഹവും കരുതലുമാണ്. തന്റെ പ്രിയപ്പെട്ട ഭക്തനായ ശ്രീ. തിമ്മരാജു വിശ്വപതി രാമകൃഷ്ണമൂർത്തിയ്ക്ക് ഭഗവാൻ അനുഗ്രഹിച്ച് നൽകിയതാണ് ഈ വ്രതം. ഭക്തിയോടെ ഈ വ്രതം അനുഷ്ഠിക്കുന്നവരും, വ്രതകഥകൾ കേൾക്കുന്നവരും, പ്രസാദം സ്വീകരിക്കുന്നവരും ഭഗവാന്റെ അനുഗ്രഹത്തിനു പാത്രീഭവിക്കും. അവർക്ക് യാതൊരു ആപത്തും നേരിടുകയുമില്ല. കൂടാതെ സർവ്വ ഐശ്വര്യം ലഭിക്കുകയും, അവർ ചെയ്യുന്ന എല്ലാ പ്രവർത്തികളിലും ഉന്നതി ഉണ്ടാകുകയും ചെയ്യും.

പുരാതനകാലത്ത് കലിംഗ സാമ്രാജ്യം ഭരിച്ചിരുന്നത് വിക്രമ വർമ്മ എന്ന ഒരു രാജാവായിരുന്നു. അദ്ദേഹം വലിയ ശ്രീരാമ ഭക്തനായിരുന്നു. രാമരാജ്യം പോലെ തന്റെ രാജ്യവും ആക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ആ സാമ്രാജ്യം സമ്പൽ സമൃദ്ധി നിറഞ്ഞതായിരുന്നു. ശ്രീരാമ ഭഗവാൻ തന്റെ സാമ്രാജ്യം സംരക്ഷിച്ചു കൊള്ളുമെന്ന് അദ്ദേഹം പൂർണ്ണമായും വിശ്വസിച്ചിരുന്നു. എല്ലാ ശ്രീരാമ നവമിയും വളരെ ഭക്തിയോടെ അദ്ദേഹം ആഘോഷിച്ച് പോന്നിരുന്നു. ശ്രീ. സീതാരാമ കല്ല്യാണം വളരെ ആഘോഷപൂർവ്വം ആയിരുന്നു അവിടെ കൊണ്ടാടിയിരുന്നത്. ഉത്സവത്തിന്റെ പത്ത് ദിവസവും ആ സാമ്രാജ്യം ഉത്സവ തിമർപ്പിൽ ആറാടുമായിരുന്നു.

എല്ലാ സുഖ സൗകര്യങ്ങൾ ഉണ്ടായിട്ടും സന്താന ഭാഗ്യം ഇല്ലാത്തതിൽ അദ്ദേഹം വളരെ ദുഃഖിതനായിരുന്നു. സന്താന ഭാഗ്യത്തിനായി വളരെയധികം പൂജകൾ ചെയ്യുകയും, പല പുണ്യ ക്ഷേത്രങ്ങൾ സന്ദർശിക്കുകയും ചെയ്തുവെങ്കിലും യാതൊരു ഫലവും കണ്ടില്ല. ഒരു ദിവസം രാത്രിയിൽ വിക്രമ വർമ്മ തന്റെ സ്വപ്നത്തിൽ അതി പുരാതനമായ ഒരു ക്ഷേത്രം കണ്ടു. അത് ഏത് ക്ഷേത്രമാണെന്നോ, എവിടെയാണെന്നോ അദ്ദേഹത്തിന് മനസ്സിലായില്ല. അടുത്ത പ്രഭാതത്തിൽ അദ്ദേഹം തന്റെ ആസ്ഥാന പുരോഹിതനെ വിളിച്ച് ഈ സ്വപ്നത്തിന്റെ അർത്ഥം ആരാഞ്ഞു. ആ പുരോഹിതൻ കുറച്ചു നിമിഷങ്ങൾ ധ്യാന നിമഗ്നനായി ഇരുന്നിട്ട് ഇപ്രകാരം പറഞ്ഞു. "പ്രഭോ! അങ്ങ് സ്വപ്നത്തിൽ കണ്ടത് നമ്മുടെ സാമ്രാജ്യത്തിൽ എവിടെയോ സ്ഥിതി ചെയ്യുന്ന അതിപുരാതനമായ ഒരു ശ്രീരാമചന്ദ്ര ക്ഷേത്രമാണ്. അങ്ങ് ആ ക്ഷേത്രം പുനരുദ്ധീകരിച്ച് പഴയ പ്രതാപത്തിലേയ്ക്ക് കൊണ്ടുവന്നാൽ അങ്ങ് സന്താന ഭാഗ്യത്താൽ അനുഗ്രഹിക്കപ്പെടും". ഇതു കേട്ട് രാജാവ് ഇങ്ങനെ ചോദിച്ചു. "ഈ ക്ഷേത്രം എവിടെ സ്ഥിതി ചെയ്യുന്നുവെന്ന് നമ്മൾ എങ്ങനെ മനസ്സിലാക്കും"? കുറച്ച് ദിവസങ്ങൾക്കുള്ളിൽ അത് അറിയുമെന്നു പുരോഹിതൻ മറുപടി പറഞ്ഞു. ഇത് കേട്ടയുടൻ വിക്രമ വർമ്മ തനിയ്ക്ക് സന്താന ഭാഗ്യം ലഭിച്ചാൽ ആ ക്ഷേത്രം ഉറപ്പായും പുനരുദ്ധീകരിക്കാം എന്ന് ശ്രീരാമ ഭഗവാനോട് പ്രാർത്ഥിച്ചു.

ഈ സംഭവം നടന്ന് കുറച്ച് ദിവസങ്ങൾക്കകം മഹാരാഞ്ജി ഗർഭവതി ആയി. തുടർന്ന് ഒരു ആൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. ആ കുട്ടിയ്ക്ക് രാമവർമ്മ എന്നു നാമകരണം ചെയ്യുകയും, അമിത വാത്സല്യത്തോടെ വളർത്തി വരികയും ചെയ്തു. കാലങ്ങൾ കടന്നു പോവുകയും, ശ്രീരാമ ഭഗവാനു കൊടുത്ത വാക്ക് വിക്രമ വർമ്മ

മറന്നു പോകുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു ഗ്രാമ തലവൻ വിക്രമ വർമ്മയെ സന്ദർശിച്ച് അതി പുരാതനമായ ഒരു ശ്രീരാമ ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനായി കുറച്ചു പണം ആവശ്യപ്പെട്ടു. പണം നൽകാമെന്നു ഉറപ്പു നൽകിയെങ്കിലും അദ്ദേഹം ആ വാക്ക് പാലിച്ചില്ല. ഒരു നാൾ പെട്ടെന്ന് രാമവർമ്മ രോഗ ബാധിതനായി. വൈദ്യന്മാർ ആർക്കും രോഗകാരണം കണ്ടുപിടിക്കുവാൻ സാധിച്ചില്ല. അങ്ങനെയിരിക്കേ ഒരു ദിവ്യ സന്യാസി ആ സാമ്രാജ്യം സന്ദർശിക്കുകയും, അവിടുത്തെ പ്രധാനമന്ത്രി അദ്ദേഹത്തെ കൊട്ടാരത്തിലേക്ക് ക്ഷണിച്ച് രാമവർമ്മയുടെ രോഗത്തെ കുറിച്ച് ആരായുകയും ചെയ്തു. അതിനു മറുപടിയായി വിക്രമ വർമ്മയോട് അദ്ദേഹം ഇങ്ങനെ പറഞ്ഞു. "പ്രഭോ! അങ്ങയുടെ സാമ്രാജ്യത്തിലെ ശ്രീരാമഗിരി എന്ന ഗ്രാമത്തിലുള്ള ശ്രീരാമചന്ദ്ര ക്ഷേത്രത്തിൽ പോയി പ്രാർത്ഥിച്ചാൽ അങ്ങയുടെ മകൻ രോഗ മുക്തനാകും".

അടുത്ത ദിവസം തന്നെ വിക്രമ വർമ്മ ശ്രീരാമഗിരിയിൽ എത്തി ശ്രീ. സീതാരാമചന്ദ്ര ഭഗവാനോട് പ്രാർത്ഥിച്ചു. തിരികെയുള്ള യാത്രയിൽ അവർ ഒരു വനത്തിൽ എത്തിച്ചേരുകയും, രാത്രിയായതിനാൽ അവിടെ തന്റെ പരിവാരങ്ങളോടൊപ്പം തങ്ങുകയും ചെയ്തു. പെട്ടെന്ന് ഒരു കുരങ്ങൻ രാജാവിന്റെ കൂടാരത്തിലേയ്ക്ക് കയറിപറ്റി. ഇത്രയധികം കാവൽ ഭടന്മാർ ഉണ്ടായിട്ടും ഈ കുരങ്ങൻ എങ്ങനെ അകത്ത് കയറി എന്ന് അദ്ദേഹം ആശ്ചര്യപ്പെട്ടു. ആ കുരങ്ങൻ രാജാവിന്റെ കൈ പിടിച്ച് കൂടാരത്തിന്റെ പുറത്തേയ്ക്ക് കൊണ്ടു വന്ന് വനത്തിനുള്ളിലേക്ക് കൊണ്ടുപോയി. ഒന്നും ഉരിയാടാതെ രാജാവ് ആ കുരങ്ങനെ പിൻതുടർന്നു. നിമിഷങ്ങൾക്കകം അത് അടുത്ത വൃക്ഷത്തിലേയ്ക്ക് ചാടി മറഞ്ഞു പോയി. രണ്ടു ചുവട് കൂടി മുന്നോട്ട് വെച്ച രാജാവ് ആശ്ചര്യപ്പെട്ട് നിന്ന് പോയി, കാരണം താൻ സ്വപ്നത്തിൽ നാളുകൾക്ക് മുൻപ് കണ്ട അതേ പുരാതന ക്ഷേത്രം അദ്ദേഹത്തിന് അവിടെ കാണുവാൻ സാധിച്ചു. അപ്പോൾ വിക്രമ വർമ്മയ്ക്ക് ശ്രീരാമചന്ദ്ര ഭഗവാനു കൊടുത്ത വാക്ക് ഓർമ്മ വരികയും, ആ കുരങ്ങൻ മറ്റാരുമല്ല ശ്രീരാമ ഭക്തനായ സാക്ഷാൽ ശ്രീ ഹനുമാനാണെന്നു മനസ്സിലാകുകയും ചെയ്തു. തന്റെ കൂടാരത്തിൽ തിരിച്ചെത്തിയ രാജാവ് അദ്ദേഹത്തിന്റെ പ്രധാനമന്ത്രിയോട് നടന്നതെല്ലാം വിവരിച്ചു കൊടുത്തു. അടുത്ത പ്രഭാതത്തിൽ അവർ എല്ലാവരും ക്ഷേത്രം സന്ദർശിക്കുകയും രാജാവ് ക്ഷേത്ര പുനരുദ്ധാരണത്തിനായുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തിരികെ കൊട്ടാരത്തിൽ എത്തിയ രാജാവ് തന്റെ മകൻ പൂർണ്ണ ആരോഗ്യവാനായി ഇരിക്കുന്നത് കണ്ട് വളരെയധികം സന്തുഷ്ടനായി. താൻ ഭഗവാനു കൊടുത്ത വാക്ക് പാലിക്കാഞ്ഞതിനാലാണ് ഇങ്ങനെയൊക്കെ സംഭവിച്ചത് എന്ന് രാജാവിന് മനസ്സിലായി. എങ്കിലും ഭഗവാൻ തന്നെ അനുഗ്രഹിച്ചതിൽ അദ്ദേഹം വളരെയധികം സന്തുഷ്ടനായി. രാജാവിന്റെ ഉത്തരവനുസരിച്ച് വനത്തിലെ ശ്രീരാമ ക്ഷേത്രം അതിമനോഹരമായി പുനരുദ്ധീകരിക്കുകയും, ഒരു പുണ്യദിനത്തിൽ ശ്രീ. സീതാരാമചന്ദ്ര വിഗ്രഹങ്ങൾ പുനഃ പ്രതിഷ്ഠിക്കുകയും ചെയ്തു. കൂടാതെ ആ ക്ഷേത്രത്തിലേയ്ക്ക് ഒരു മനോഹരമായ പാതയും നിർമ്മിച്ചു. കുറച്ചു വർഷങ്ങൾക്കുള്ളിൽ ആ ക്ഷേത്രം പ്രധാനപ്പെട്ട ഒരു പുണ്യക്ഷേത്രമായി പ്രസിദ്ധിയാർജ്ജിച്ചു. അകമഴിഞ്ഞ ഭക്തിയോടെ പ്രാർത്ഥിച്ചാൽ ശ്രീ. സീതാരാമചന്ദ്ര ഭഗവാൻ ഭക്തന്മാരെ സർവ്വ ഐശ്വര്യവും നൽകി അനുഗ്രഹിക്കുമെന്നു അവിടെയുള്ളവർ വിശ്വസിച്ചുപോരുന്നു.!!!

|| ഒന്നാം അദ്ധ്യായം സമാപ്തം ||

ആപദാമപ ഹതാരം ദാതാരം സർവ്വ സമ്പദാം
ലോകാഭിരാമം ശ്രീരാമം ഭൂയോ ഭൂയോ നമാമ്യഹം

ശ്രീ രാമ രക്ഷാവ്രതം

അദ്ധ്യായം രണ്ട്

മല്ലെണ്ണ ദിവ്യ കഥ

രാമ ഏവ പരബ്രഹ്മ രാമ ഏവ പരം തപഃ
രാമ ഏവ പരം തത്വം ശ്രീരാമോ ബ്രഹ്മ താരകം

ശ്രീരാമ ഭഗവാൻ പരബ്രഹ്മമാണ്. അദ്ദേഹം തപശ്ചര്യയുടെ മൂർത്തീമത് ഭാവമാണ്. ഭഗവാൻ പരതത്വമാണ്. അദ്ദേഹം താരക ബ്രഹ്മമാണ്. എല്ലാ ജീവജാലങ്ങളുടെയും അടിസ്ഥാനമായ ശ്രീമാൻ നാരായണനാണ് ശ്രീരാമചന്ദ്ര ഭഗവാന്റെ രൂപത്തിൽ ത്രേതാ യുഗത്തിൽ അവതരിച്ചത്. വിശ്വപതി എന്ന ഭക്തന് ഭഗവാൻ അനുഗ്രഹിച്ച് നൽകിയതാണ് ഈ വ്രതം.

പണ്ട് കാലത്ത് രാമപുരം എന്ന ഗ്രാമത്തിൽ ലക്ഷ്മണനോടും, ഹനുമാനോടും കൂടിയ ശ്രീ. സീതാരാമ ക്ഷേത്രം ഉണ്ടായിരുന്നു. ഗ്രാമത്തിന് വെളിയിൽ സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിൽ മനോഹരമായ ഒരു കുളം ഉണ്ടായിരുന്നു. എല്ലാ വർഷവും ശ്രീരാമനവമി വളരെ ഗംഭീരമായിട്ടാണ് ഗ്രാമവാസികൾ കൊണ്ടാടിയിരുന്നത്. അതുപോലെ തന്നെ എല്ലാ വർഷവും തപോത്സവവും അതിമനോഹരമായിട്ടാണ് ആഘോഷിച്ചിരുന്നത്. അതിമനോഹരമായി അലങ്കരിച്ച ശ്രീരാമ ഭഗവാന്റെ കുടുംബ സമേതമായ എഴുന്നള്ളിപ്പ് എത്ര കണ്ടാലും മതിയാവില്ല.

മല്ലെണ്ണ എന്ന ഒരു ക്ഷേത്ര ജീവനക്കാരനാണ് എല്ലാ ദിവസവും പ്രഭാതത്തിൽ ആ ക്ഷേത്ര പരിസരം വൃത്തിയാക്കിയിരുന്നത്. അദ്ദേഹം ദരിദ്രനാണെന്നു മാത്രമല്ല, വിദ്യാഭ്യാസം ഇല്ലാത്തവനും ആയിരുന്നു. ക്ഷേത്ര സംബന്ധമായ എല്ലാ ജോലികളും മല്ലെണ്ണ ആണ് ചെയ്തിരുന്നത്. തന്റെ പത്നിയോടും, മകനോടുമൊപ്പം ക്ഷേത്ര പരിസരത്തിൽ തന്നെയുള്ള ഒരു ചെറിയ കുടിലിൽ ആണ് അയാൾ താമസിച്ചിരുന്നത്. അദ്ദേഹം നിത്യവും ആത്മാർഥമായി ഭഗവാനോട് പ്രാർത്ഥിച്ചിരുന്നു.

ആ വർഷത്തെ രാമനവമിക്ക് ക്ഷേത്രാങ്കണം നിരവധി വർണ്ണങ്ങളിലുള്ള പൂമാലകൾ കൊണ്ട് അലങ്കരിച്ചിരുന്നു. മല്ലെണ്ണയ്ക്ക് വിശ്രമം ഇല്ലാത്ത ജോലിത്തിരക്കായിരുന്നു. എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ പ്രഗൽഭരായ പണ്ഡിതന്മാരുടെ പുരാണ സംബന്ധമായ പ്രഭാഷണങ്ങൾ ഉണ്ടായിരുന്നു. മറ്റ് ഭക്തന്മാരോടൊപ്പം മല്ലെണ്ണയും ഈ പ്രഭാഷണങ്ങളൊക്കെ കേൾക്കുമായിരുന്നു.

രാമനവമിയുടെ തലേ ദിവസം വൈകീട്ട് അടുത്ത ഗ്രാമത്തിൽ നിന്നെത്തിയ ശങ്കര ശാസ്ത്രി എന്ന പണ്ഡിതൻ ശ്രീരാമ നാമ ജപത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇപ്രകാരം വിവരിക്കുകയുണ്ടായി. "ദിവ്യമായ രാമനാമത്തിന് തുല്യമായി മറ്റൊന്നും തന്നെയില്ല. ഒരു പ്രാവശ്യമെങ്കിലും രാമനാമം ജപിച്ചാൽ പൂർവ്വജന്മ പാപങ്ങൾ എല്ലാം നീങ്ങി പോകും. നിത്യേന രാമനാമം ജപിക്കുന്ന ഭക്തന്മാർക്ക് ഭഗവാൻ സർവ്വ ഐശ്വര്യങ്ങൾ നൽകി അനുഗ്രഹിക്കും. എല്ലാ ആപത്ഘട്ടങ്ങളിലും ശ്രീരാമ ഭഗവാനെ മനസ്സുരുകി വിളിച്ചാൽ കോദണ്ഠ രാമഭഗവാൻ ആ നിമിഷം ആ ഭക്തനെ സംരക്ഷിച്ചിരിക്കും. ഇത്രയും എളുപ്പവും ശക്തവുമായ നാമം വേറെ ഇല്ല. ശ്രീ. പരമശിവൻ പോലും നിത്യേന രാമനാമം ജപിക്കുന്നുണ്ട്. എല്ലാ ദേവതകളും രാമനാമം നിത്യേന ജപിക്കും. പല ശ്രേഷ്ഠ

മുനിമാർക്കും ദിവ്യമായ ശക്തികൾ ലഭിച്ചത് രാമനാമ ജപത്തിലൂടെയാണ്. രാമനാമം ആണ് എല്ലാ ജീവജാലങ്ങളുടെയും ദേവതകളുടെയും അടിസ്ഥാനം".

ശങ്കര ശാസ്ത്രികളുടെ ഈ വാക്കുകൾ മല്ലെണ്ണയുടെ ഹൃദയത്തെ വളരെയധികം സ്വാധീനിച്ചു. "നിത്യേന ഞാൻ സേവിക്കുന്ന ശ്രീരാമ ഭഗവാന്റെ നാമത്തിന് ഇത്രയും ശക്തിയുണ്ടെന്നുള്ളത് അറിയാതെ പോയല്ലോ.., ശ്രീരാമ ഭഗവാന്റെ ദിവ്യത്വവും ഞാൻ മനസ്സിലാക്കിയില്ലല്ലോ" എന്ന് അയാൾ ആലോചിച്ചു. അന്ന് അത്താഴത്തിന് ശേഷം ഉറങ്ങുവാൻ കിടന്ന മല്ലെണ്ണയുടെ മകൻ ഉച്ചത്തിൽ നിലവിളിച്ചു. ഇത് കേട്ട് ഞെട്ടിയുണർന്ന മല്ലെണ്ണയും, പത്നിയും മകന്റെ നിലവിളിയുടെ കാരണം ആരാഞ്ഞു. വേദനയാൽ പുളയുന്ന മകൻ അവന്റെ കാലിലേക്ക് ചൂണ്ടി കാണിച്ചു. അവർ അപ്പോഴാണ് ഒരു പാമ്പ് കുടിലിന് പുറത്തേക്ക് ഇഴഞ്ഞു പോകുന്നത് കണ്ടത്. മകനെ പാമ്പ് കടിച്ചു എന്ന് അവർക്ക് മനസ്സിലായി. വേദന കൊണ്ട് പുളയുന്ന മകനെയും കൊണ്ട് അർദ്ധരാത്രിക്ക് എങ്ങോട്ട് പോകണം എന്നറിയാതെ ആ ദമ്പതികൾ വിഷമിച്ചു.

പെട്ടന്ന് മല്ലെണ്ണയ്ക്ക് തലേന്ന് വൈകീട്ട് കേട്ട ശങ്കര ശാസ്ത്രികളുടെ പ്രഭാഷണം ഓർമ്മ വന്നു. ഏത് ആപത്ഘട്ടത്തിലും ശ്രീരാമനാമം ഭക്തിയോടെ ജപിച്ചാൽ ഭഗവാൻ വന്ന് രക്ഷിക്കും എന്നാണല്ലോ. അയാൾ പെട്ടന്ന് തന്നെ ഉച്ചത്തിൽ രാമനാമം ജപിച്ചുകൊണ്ട് പാമ്പ് കടിയേറ്റ മകന്റെ കാലിലേയ്ക്ക് ഊതി. ഹോ!!! എന്തൊരത്ഭുതം ആ കുട്ടിയുടെ വേദന പെട്ടന്നു തന്നെ കുറഞ്ഞു. ആ മുറിവും അപ്രത്യക്ഷമായി. കരഞ്ഞുകൊണ്ടിരുന്ന മകൻ ചിരിച്ചുകൊണ്ട് എഴുന്നേറ്റപ്പോൾ ആ ദമ്പതികൾ അതിയായി സന്തോഷിച്ചു. അവർ ഭഗവാനെ പ്രകീർത്തിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു. "ശ്രീരാമഭഗവാനേ! അങ്ങ് എന്റെ മകനെ രക്ഷിച്ചു"! അടുത്ത ദിവസം നടന്ന ശ്രീ. സീതാരാമ കല്ല്യാണം നിറഞ്ഞ മനസ്സോടെ അവർ ആഘോഷിച്ചു. അവർ ജീവിതാവസാനം വരെ ശ്രീരാമ ഭഗവാനെ സേവിക്കുകയും, ഒടുവിൽ മോക്ഷം പ്രാപിക്കുകയും ചെയ്തു. അത്രയും ശക്തമാണ് രാമനാമം! ദിവ്യമായ രാമനാമം ഭക്തിയോടും വിശ്വാസത്തോടും കൂടി ജപിക്കുന്ന ഭക്തന്മാർ എല്ലാ ആപത്തുകളിൽ നിന്നും സംരക്ഷിക്കപ്പെടുകയും, അവർക്ക് ആയുരാരോഗ്യസൗഖ്യവും സർവ്വ ഐശ്വര്യങ്ങളും പ്രദാനം ചെയ്യപ്പെടുകയും ചെയ്യും.||

|| രണ്ടാം അദ്ധ്യായം സമാപ്തം ||

ആപദാമപ ഹതാരം ദാതാരം സർവ്വ സമ്പദാം
ലോകാഭിരാമം ശ്രീരാമം ഭൂയോ ഭൂയോ നമാമ്യഹം

ശ്രീ രാമ രക്ഷാവ്രതം

അദ്ധ്യായം മൂന്ന്

രാമശർമ്മ കഥ

ഗോദാവരി നദീ തീരത്ത് രാമശർമ്മ എന്നു നാമധേയമുള്ള ഒരു മഹാ പണ്ഡിതൻ ജീവിച്ചിരുന്നു. എല്ലാ ശാസ്ത്രങ്ങളിലും പ്രഗൽഭനായിരുന്നെങ്കിലും അദ്ദേഹം അതിൽ ഒട്ടും അഹങ്കരിച്ചിരുന്നില്ല, വളരെ വിനയാന്വിതനുമായിരുന്നു. ശ്രീരാമ ഭഗവാന്റെ ഉത്തമ ഭക്തനായിരുന്നു രാമശർമ്മ. തന്നെ സമീപിക്കുന്ന എല്ലാ ഭക്തന്മാരോടും ശ്രീരാമചന്ദ്ര ഭഗവാനെ പൂജിക്കുവാൻ അദ്ദേഹം ഉപദേശിക്കുമായിരുന്നു. ഏത് ആപത് ഘട്ടത്തിലും ഭക്തന്മാരെ രക്ഷിക്കുന്ന ഒരു ദിവ്യ ശക്തിയാണ് ശ്രീരാമ ഭഗവാനെന്നും അദ്ദേഹം പറയുമായിരുന്നു.

വൈദേഹി എന്നായിരുന്നു രാമശർമ്മയുടെ പത്നിയുടെ നാമം. അവർ സന്തോഷപൂർണ്ണമായ ദാമ്പത്യമായിരുന്നു നയിച്ചിരുന്നത്. അവർക്ക് വിവാഹപ്രായമെത്തിയ വനജയെന്നും, ഗിരിജയെന്നും നാമമുള്ള രണ്ടു പെൺകുട്ടികളുണ്ടായിരുന്നു. ശ്രീരാമ ഭഗവാനോട് പ്രാർത്ഥിച്ചു കൊണ്ട് അവർ തങ്ങളുടെ മക്കൾക്ക് അനുയോജ്യരായ വരന്മാരെ അന്വേഷിക്കുവാൻ തുടങ്ങി.

ശ്രീരാമ ഭഗവാന്റെ അനുഗ്രഹത്താൽ കുറച്ച് ദിവസങ്ങൾക്കകം മൂത്ത പുത്രി വനജയുടെ വിവാഹം നിശ്ചയിക്കപ്പെട്ടു. സമീപ ഗ്രാമത്തിലെ ശ്രീനിവാസ ശർമ്മയുടെ മകൻ വിഷ്ണു ശർമ്മയാണ് വരൻ. രാമശർമ്മയുടേത് പോലെ ലളിതമായ ജീവിതമാണ് ശ്രീനിവാസ ശർമ്മയുടെ കുടുംബവും നയിച്ചിരുന്നത്. രാമശർമ്മയെ കുറിച്ച് വളരെ നല്ല കാര്യങ്ങൾ ആണ് അവർ കേട്ടിരുന്നത്. അതിനാൽ സ്ത്രീധനം ഒന്നും അവർ ആവശ്യപ്പെട്ടില്ല. ശ്രീരാമ ഭഗവാന്റെ അനുഗ്രഹം ഒന്നു കൊണ്ട് മാത്രമാണ് ഇത്രയും നല്ല ബന്ധം ലഭിച്ചതെന്നു രാമശർമ്മ വിശ്വസിച്ചു. വനജയുടേയും, വിഷ്ണു ശർമ്മയുടേയും വിവാഹത്തിനായുള്ള ഒരു ശുഭ മുഹൂർത്തം നിശ്ചയിക്കപ്പെട്ടു.

വിവാഹത്തിന്റെ തലേന്നാൾ രാവിലെ വരനും, കുടുംബവും രാമശർമ്മയുടെ ഗ്രാമത്തിൽ എത്തിച്ചേർന്നു. വിവാഹം നടക്കേണ്ടത് പിറ്റേന്നു രാവിലെ 7 മണിക്കാണ്. അന്ന് അത്താഴത്തിനു ശേഷം രണ്ടു കുടുംബങ്ങളും കൂടി ഒത്തൊരുമിച്ച് വർത്തമാനം പറയുകയും, കുട്ടികൾ എല്ലാം പുറത്ത് ഓടിക്കളിക്കുകയും ആയിരുന്നു. പെട്ടന്നായിരുന്നു ശക്തമായ കാറ്റിന്റെ അകമ്പടിയോടെ മഴ തകർത്ത് പെയ്തു തുടങ്ങിയത്. കല്ല്യാണ പന്തൽ മഴയിൽ കുതിർന്നതു കണ്ട് രാമശർമ്മ പരിഭ്രാന്തനായി. “അസമയത്ത് ഉള്ള ഈ മഴ എല്ലാവർക്കും ബുദ്ധിമുട്ട് ഉളവാക്കുമല്ലോ” എന്നു രാമശർമ്മ ചിന്താധീതനായി. മഴയുടെ തീവ്രത കൂടുകയും കാറ്റിന്റെ ശക്തിയിൽ മരങ്ങൾ ഇളകിയാടാനും തുടങ്ങി. ഈ സ്ഥിതി തുടർന്നു പോയാൽ കല്ല്യാണ പന്തൽ തകർന്നു പോകുമല്ലോ എന്ന് ഓർത്ത രാമശർമ്മ ശ്രീരാമ ഭഗവാനോട് അകമഴിഞ്ഞ് ഇങ്ങനെ പ്രാർത്ഥിച്ചു. “അല്ലയോ ശ്രീരാമചന്ദ്രാ...! പരംധാമാ...! പുണ്യനാമങ്ങളുടെ അധിപനേ...! എന്തു അനർത്ഥമാണീ കാണുന്നത്? ഇങ്ങനെ ശിക്ഷിക്കുവാൻ ഞാൻ എന്തു തെറ്റാണ് ചെയ്തത്? അങ്ങയുടെ അനുഗ്രഹത്താൽ എന്റെ മകൾക്ക് ഇത്രയും നല്ല ബന്ധം കിട്ടിയതിൽ ഞാൻ അതിയായി സന്തോഷിച്ചു. ഗംഭീരമായി ഈ വിവാഹം നടത്തുവാനും ഞാൻ ആഗ്രഹിച്ചു. പിന്നെ എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നത്? സ്വാമീ...! ഈ ഭൂലോകം മുഴുവൻ അങ്ങയുടെ അധീനതയിലാണല്ലോ! ദയവായി എന്റെ പ്രാർത്ഥന കേട്ട് എത്രയും വേഗം ഇത് ശമിപ്പിച്ചാലും. അങ്ങ് മാത്രമാണ്

ഏക ശരണം. അങ്ങാണ് എന്റെ അച്ഛനും, അമ്മയും, ഗുരുവും എല്ലാം. അങ്ങാണ് എന്റെ സർവ്വസ്വവും. ദയവായി എന്റെ അപേക്ഷ സ്വീകരിച്ചാലും".

കാരുണ്യത്തിന്റെ മൂർത്തിമത് ഭാവമായ ശ്രീരാമചന്ദ്ര ഭഗവാൻ രാമശർമ്മയുടെ പ്രാർത്ഥന ഉടനടി ചെവികൊണ്ടു. ഉടനടി കാറ്റിന്റെ ശക്തി കുറയുകയും, മഴ ശമിക്കുകയും ചെയ്തു. പിറ്റേന്നു വിവാഹ മുഹൂർത്തം ആയപ്പോഴേക്കും അന്തരീക്ഷം ശാന്തവും, പ്രസന്നവുമായി . തങ്ങളുടെ പ്രാർത്ഥന ചെവി കൊണ്ടതിൽ രാമശർമ്മ ദമ്പതികൾ ശ്രീരാമ ഭഗവാനെ അകമഴിഞ്ഞ് പ്രകീർത്തിച്ചു. അവരുടെ നയനങ്ങൾ സന്തോഷാശ്രുക്കളാൽ നിറഞ്ഞു തുളുമ്പി. വനജയുടെയും, വിഷ്ണു ശർമ്മയുടെയും വിവാഹം ഗംഭീരമായി നടക്കുകയും ചെയ്തു. ദിവസങ്ങൾക്കുള്ളിൽ അവരുടെ രണ്ടാമത്തെ പുത്രിയായ ഗിരിജയുടെ വിവാഹവും ഉത്തമനായ ഒരു വരനോടൊപ്പം നടത്തപ്പെടുകയും ചെയ്തു.

കാരുണ്യമൂർത്തിയായ ശ്രീരാമചന്ദ്ര ഭഗവാൻ തന്നിൽ പൂർണ്ണമായി സമർപ്പിക്കുന്ന ഭക്തന്മാരെ സംരക്ഷിക്കുകയും അവർക്ക് എല്ലാവിധ ഐശ്വര്യവും നൽകി അനുഗ്രഹിക്കുകയും ചെയ്യും.

|| മൂന്നാം അദ്ധ്യായം സമാപ്തം ||

ആപദാമപ ഹതാരം ദാതാരം സർവ്വ സമ്പദാം
ലോകാഭിരാമം ശ്രീരാമം ഭൂയോ ഭൂയോ നമാമ്യഹം

ശ്രീ രാമ രക്ഷാവ്രതം

അദ്ധ്യായം നാല്

രാമനാഥം കഥ

പണ്ട് കാലത്ത് ഗോദാവരി നദീ തീരത്ത് രാമനാഥം എന്ന നാമമുള്ള ഒരു മുക്കുവൻ ജീവിച്ചിരുന്നു. മുക്കുവന്മാരുടെ ഗ്രാമത്തിൽ ഒരു ചെറുകുടിലിൽ തന്റെ പത്നിയോടും, മക്കളോടും കൂടിയാണ് അയാൾ താമസിച്ചിരുന്നത്. ശ്രീരാമ ഭഗവാന്റെ ഉത്തമ ഭക്തനായ രാമനാഥം മറ്റു മുക്കുവന്മാരോടൊപ്പം നദിയിൽ മീൻ പിടിച്ചും, അത് വിറ്റിട്ടുമാണ് ജീവിച്ചിരുന്നത്. ആ ഗ്രാമത്തിൽ ഒരു ശ്രീരാമ ക്ഷേത്രം ഉണ്ടായിരുന്നു. വർഷം തോറും ശ്രീരാമ നവമി വളരെ ഗംഭീരമായിട്ടാണ് അവർ കൊണ്ടാടിയിരുന്നത്. വളരെ ആകാംക്ഷയോടെ ആണ് വർഷം തോറും അവർ ഈ ഉത്സവത്തിനായി കാത്തിരിക്കാറുള്ളത്. ഉത്സവത്തിനോട് അനുബന്ധിച്ച് പല കലാപരിപാടികളും നടത്തുമായിരുന്നു. സമീപ ഗ്രാമങ്ങളിൽ നിന്ന് പലരും ഈ ഉത്സവത്തിൽ പങ്കെടുക്കുവാൻ എത്തുമായിരുന്നു.

ആ മുക്കുവ ഗ്രാമത്തിലെ എല്ലാവർക്കും ശ്രീരാമ ഭഗവാനോട് അഭേദ്യമായ ബന്ധം ഉണ്ടായിരുന്നു. അവർ അവരുടെ പെൺമക്കൾക്ക് രാമുലമ്മ, രാമലക്ഷ്മി എന്നീ നാമങ്ങളും, ആൺമക്കൾക്ക് ശ്രീരാമ ഭഗവാന്റെ നാമങ്ങളുമാണ് കൊടുത്തിരുന്നത്. ശ്രീരാമ ഭഗവാനോടുള്ള അവരുടെ ബന്ധം വളരെ ശക്തമായിരുന്നു. ജീവിതത്തിൽ നേരിടുന്ന എല്ലാ പ്രശ്നങ്ങളും ശ്രീരാമ ഭഗവാനോടാണ് അവർ പറഞ്ഞിരുന്നത്.

ശ്രീരാമ ഭക്തനായ രാമനാഥം എല്ലാ ദിവസവും മീൻ പിടിക്കുവാൻ പോകുന്നതിനു മുൻപ് ഭഗവാനോട് പ്രാർത്ഥിച്ചിട്ടാണ് പോയിരുന്നത്. അന്നും പതിവുപോലെ ഭഗവാനെ സ്മരിച്ചുകൊണ്ട് രണ്ടു കൂട്ടുകാരോടൊപ്പം മീൻ പിടിക്കുവാനായി നദിക്കരയിലേക്ക് അയാൾ പോയി. മീൻ അധികം ലഭിക്കാഞ്ഞതിനാൽ അവർ നദിയുടെ ഉൾക്കയങ്ങളിലേക്ക് പോയി. പെട്ടന്ന് ആകാശം മേഘാവൃതമാവുകയും, നിമിഷങ്ങൾക്കകം ശക്തമായ മഴ പെയ്യുവാനും തുടങ്ങി. തിരികെ വരണമെന്ന് ആഗ്രഹിച്ചിരുന്നെങ്കിലും മഴയുടെ കാഠിന്യം കൊണ്ട് വള്ളത്തിന്റെ നിയന്ത്രണം അവരുടെ കൈയ്യിൽ നിന്ന് വിട്ടുപോയി. നദി വളരെ പ്രക്ഷുബ്ദ്ധമായതിനാൽ അവരുടെ വള്ളം കീഴ്മേൽ മറിഞ്ഞു. മൂന്ന് പേർക്കും വള്ളത്തിൽ പിടി കിട്ടിയെങ്കിലും ശക്തമായ ഒഴുക്കിനെതിരെ അവർക്ക് നീന്തുവാൻ സാധിച്ചില്ല.

നദിയിൽ മുങ്ങിപോകുമോ എന്ന് അവർ ഭയന്നുപോയി. രാമനാഥം പ്രാർത്ഥനയോടെ ശ്രീരാമ ഭഗവാനോട് ഇങ്ങനെ അപേക്ഷിച്ചു. “അല്ലയോ സ്വാമീ...! ഞങ്ങളെ ഈ അപകടത്തിൽ നിന്നും രക്ഷിക്കേണമേ”. ആ നിമിഷം തന്നെ ആപത്ബാന്ധവനും കരുണാമയനുമായ ശ്രീരാമ ഭഗവാൻ അവരുടെ പ്രാർത്ഥന കൈകൊണ്ടു. വളരെ പെട്ടന്ന് ഭീമാകാരനായ ഒരു മത്സ്യം നദിയുടെ ആഴങ്ങളിൽ നിന്ന് ഉയർന്നു വന്ന് കീഴ്മേൽ മറിഞ്ഞ ആ വള്ളം നേരെ ആക്കി. അതുപോലെ മഴയുടെ ശക്തിയും കുറഞ്ഞു വന്നു. കൂട്ടുകാരോടൊപ്പം സുരക്ഷിതനായി ഗ്രാമത്തിൽ തിരിച്ചെത്തിയ രാമനാഥം സന്തോഷാധിക്യത്താൽ ശ്രീരാമ ഭഗവാനെ വളരെയധികം പ്രകീർത്തിച്ചു. ആ വർഷത്തെ രാമനവമി ഉത്സവത്തിന് രാമനാഥം ഊർജ്ജസ്വലതയോടെ ആടുകയും പാടുകയും ചെയ്തു.

കരുണാമയനായ ശ്രീരാമചന്ദ്ര ഭഗവാൻ പൂർണ്ണമായി തന്നിൽ സമർപ്പിക്കുന്ന എല്ലാ ഭക്തന്മാരുടെയും സംരക്ഷണം ഏറ്റെടുക്കും. ശാസ്ത്രങ്ങളിലും, പുരാണങ്ങളിലും ഉള്ള അറിവ് നേടണമെന്നില്ല, നിഷ്കാമമായ ഭക്തി ഉണ്ടായാൽ മാത്രം മതി. സാധാരണക്കാരായ ഭക്തന്മാരെയും ഭഗവാൻ അനുഗ്രഹിക്കും. എല്ലാ ആപത്തുകളിൽ നിന്നും ഭഗവാൻ അവരെ സംരക്ഷിക്കുകയും ചെയ്യും. ഭക്തവത്സലനായ ശ്രീരാമ ഭഗവാന് ഞങ്ങളുടെ പ്രണാമം.

|| നാലാം അദ്ധ്യായം സമാപ്തം ||

ആപദാമപ ഹതാരം ദാതാരം സർവ്വ സമ്പദാം
ലോകാഭിരാമം ശ്രീരാമം ഭൂയോ ഭൂയോ നമാമ്യഹം

ശ്രീ രാമ രക്ഷാവ്രതം

അദ്ധ്യായം അഞ്ച്

രാഘവാചാര്യ ദിവ്യ കഥ

പുരാതന കാലത്ത് രാഘവപുരം എന്ന ഗ്രാമത്തിൽ വീര രാഘവാചാര്യ എന്ന നാമധേയമുള്ള ഒരു പുരോഹിതൻ ജീവിച്ചിരുന്നു. അദ്ദേഹം ആ ഗ്രാമത്തിലുള്ള ശ്രീ. സീതാരാമചന്ദ്ര ക്ഷേത്രത്തിലെ പൂജാരിയായിരുന്നു. അദ്ദേഹം വലിയ ഭക്തനും എല്ലാ നിയമങ്ങളും പാലിക്കുന്ന ഒരാളുമായിരുന്നു. ശ്രീരാമചന്ദ്ര ഭഗവാൻ അദ്ദേഹത്തിന്റെ എല്ലാമായിരുന്നു. ശ്രീരാമ ഭഗവാനെ കുറിച്ച് ഭക്തന്മാർ വർണ്ണിക്കുന്നത് അദ്ദേഹം സന്തോഷത്തോടെ കേൾക്കുമായിരുന്നു. ശ്രീരാമ നാമം കേൾക്കുന്ന മാത്രയിൽ രാഘവാചാര്യ ആനന്ദാതിരേകത്താൽ ആറാടുമായിരുന്നു. ക്ഷേത്രോത്സവങ്ങളിൽ വളരെ ഉത്സാഹത്തോടെയാണ് അദ്ദേഹം പങ്കെടുത്തിരുന്നത്. ഉത്സവ കാലങ്ങളിൽ രാവും, പകലും ശ്രീരാമ ഭഗവാനെ മാത്രം ധ്യാനിച്ചു കൊണ്ടാണ് അദ്ദേഹം ഇരുന്നിരുന്നത്.

എല്ലാ വർഷത്തെ പോലെയും ആ വർഷവും ശ്രീരാമ നവമി ഉത്സവം എത്തിച്ചേർന്നു. ക്ഷേത്രം മുഴുവൻ പൂക്കളാൽ അലംകൃതമായിരുന്നു. എല്ലാ ദിവസവും പുതിയതും, പല തരത്തിലുമുള്ള പൂമാലകളാൽ ധ്വജ സ്തംഭം അലങ്കരിച്ചിരുന്നു. രാഘവപുരത്ത് ശ്രീരാമ നവമി ഉത്സവാഘോഷങ്ങൾ നടക്കുമ്പോൾ സമീപ ഗ്രാമത്തിലുള്ളവരും പങ്കെടുക്കുമായിരുന്നു. ഗ്രാമത്തിലെ എല്ലാ ഗൃഹങ്ങളും ബന്ധുമിത്രാതികളെ കൊണ്ട് നിറയുമായിരുന്നു. അവർ വളരെ സ്നേഹത്തോടെയാണ് അതിഥികളെ പരിപാലിച്ചിരുന്നത്. പെൺകുട്ടികൾ പല വർണ്ണങ്ങളിലുള്ള രംഗോളി വരക്കുകയും, ആൺകുട്ടികൾ ഗ്രാമ വീഥികളിൽ എല്ലാം മാമ്പഴത്തിന്റെ ഇല കൊണ്ടുള്ള മാലകളും ചാർത്തുമായിരുന്നു. ഗ്രാമം മുഴുവനും അതിമനോഹരമായി അലങ്കരിക്കപ്പെടുമായിരുന്നു.

ശ്രീ. സീതാരാമ കല്ല്യാണം അതിഗംഭീരമായിട്ടാണ് കൊണ്ടാടിയിരുന്നത്. കല്ല്യാണ ചടങ്ങ് നടത്തുന്ന രാഘവാചാര്യ അതീവ സന്തുഷ്ടനായിരുന്നു. ആ വർഷത്തെ ശ്രീ. സീതാരാമ കല്ല്യാണം സമ്പൂർണ്ണമായപ്പോൾ ക്ഷേത്രത്തിലെ പ്രധാന പൂജാരിയായ ശ്രീകൃഷ്ണമാചാര്യ ഇങ്ങനെ പറഞ്ഞു. "ശ്രീ. സീതാരാമ കല്ല്യാണമാണ് ലോകത്തിലെ എല്ലാ കല്ല്യാണങ്ങളിലും വെച്ച് ഏറ്റവും പ്രമുഖമായിട്ടുള്ളത്. ഐശ്വര്യപൂർണ്ണമായ ഈ കല്ല്യാണം കാണുവാൻ ഭാഗ്യം സിദ്ധിച്ച ഭക്തന്മാർ വളരെ അനുഗ്രഹീതരാണ്. അവരുടേത് ശാന്തപൂർണ്ണമായ ജീവിതമായിരിക്കും. യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടുകളും അവരുടെ ജീവിതത്തിൽ ഉണ്ടാവുകയില്ല". രാത്രി 10 മണിയായപ്പോഴാണ് ഉത്സവം സമാപിച്ചത്.

അടുത്ത ദിവസം പ്രഭാതത്തിൽ ക്ഷേത്രത്തിൽ എത്തിയ രാഘവാചാര്യയ്ക്ക് പ്രധാന വിഗ്രഹത്തിനു അടുത്ത് വെച്ചിരുന്ന ഉത്സവ വിഗ്രഹങ്ങൾ കാണുവാൻ കഴിഞ്ഞില്ല. അദ്ദേഹം വളരെയധികം വ്യാകുലപ്പെടുകയും കരഞ്ഞു കൊണ്ട് ഇങ്ങനെ വിചാരിക്കുകയും ചെയ്തു. "ഇന്നലെ രാത്രി ഇവിടെ ഉണ്ടായിരുന്ന വിഗ്രഹങ്ങൾക്ക് എന്തുപറ്റി?" അദ്ദേഹം ക്ഷേത്ര പരിസരം മുഴുവനും വിഗ്രങ്ങൾക്കായി തിരഞ്ഞുവെങ്കിലും ഫലം കണ്ടില്ല. രാഘവാചാര്യ ഉടനെ തന്നെ ക്ഷേത്രത്തിന്റെ പ്രധാന ഭരണാധികാരിയുടെ

വീട്ടിലേയ്ക്ക് ഓടുകയും നടന്നതെല്ലാം വിവരിക്കുകയും ചെയ്തു. രണ്ടു പേരും കൂടി വേഗം വീണ്ടും ക്ഷേത്രത്തിലേക്ക് ഓടിയെത്തി അവിടെങ്ങും തിരഞ്ഞു നോക്കിയെങ്കിലും സ്വർണ്ണം പൂശിയ ദിവ്യമായ മൂർത്തികൾ ആരാണ് മോഷ്ടിച്ചതെന്ന് അവർക്ക് മനസ്സിലായില്ല.

അന്ന് രാത്രി രാഘവാചാര്യയ്ക്ക് ഉറങ്ങുവാനായി സാധിച്ചില്ല. എവിടെ നോക്കിയാലും അദ്ദേഹത്തിന് ദിവ്യ മൂർത്തികളെയാണ് കണ്ടിരുന്നത്. അദ്ദേഹം കരഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു. "അല്ലയോ ഭഗവാനേ...! ആരാണ് ഇത്രയും വലിയ പാപം ചെയ്തത്? സ്വാമീ...! ഞാൻ എന്തു തെറ്റാണ് ചെയ്തത്? എന്തു തെറ്റാണെങ്കിലും അങ്ങ് എന്നോട് ക്ഷമിക്കേണമേ". അടുത്ത ദിവസം പ്രഭാതത്തിൽ ക്ഷേത്രത്തിൽ എത്തിയ രാഘവാചാര്യയെ എതിരേറ്റത് അത്ഭുതകരമായ ഒരു സംഭവം ആയിരുന്നു.

ക്ഷേത്രത്തിന്റെ മുഖ്യ കവാടത്തിൽ ഒരു വ്യക്തി അബോധാവസ്ഥയിൽ കിടക്കുന്നു. അയാളുടെ അടുത്ത് ഉത്സവ വിഗ്രഹങ്ങളും ഉണ്ടായിരുന്നു. അടുത്തുള്ള കിണറ്റിൽ നിന്നും കുറച്ച് വെള്ളം എടുത്ത് ആചാര്യ അയാളുടെ മുഖത്ത് തെളിച്ചു. കുറച്ച് കഴിഞ്ഞപ്പോൾ അയാൾക്ക് ബോധം തിരികെ ലഭിച്ചു. എഴുന്നേറ്റ ഉടൻ കൂപ്പു കൈകളാൽ അയാൾ രാഘവാചാര്യയോട് ഇങ്ങനെ പറഞ്ഞു. "സ്വാമീ! പൊറുക്കാനാകാത്ത ഒരു വലിയ തെറ്റാണ് ഞാൻ ചെയ്തത്. ദയവായി എന്നോട് ക്ഷമിച്ചാലും. രണ്ടു ദിവസം മുൻപ് ഉത്സവ വിഗ്രഹങ്ങൾ മോഷ്ടിക്കുന്നതിനിടയിൽ ഭഗവാന്റെ ശ്രീലകത്തിനുള്ളിൽ നിന്ന് ഒരു ശബ്ദം ഞാൻ കേട്ടു. അടുത്ത ദിവസം എടുക്കാം എന്ന ഉദ്ദേശത്തോടെ ആ വിഗ്രഹങ്ങൾ ഞാൻ അടുത്തുള്ള കിണറ്റിലേക്ക് എറിഞ്ഞു. വിചാരിച്ച പോലെ അടുത്ത ദിവസം കിണറ്റിൽ നിന്നും വിഗ്രഹങ്ങൾ എടുത്തുകൊണ്ട് ക്ഷേത്രത്തിനു പുറത്തേക്ക് വരുമ്പോൾ കണ്ണഞ്ചിപ്പിക്കുന്ന ദിവ്യ പ്രഭയിൽ മുങ്ങി കുളിച്ചുകൊണ്ട് അമ്പും വില്ലും പിടിച്ച ഒരു രൂപം ക്ഷേത്രത്തിന്റെ മുഖ്യ കവാടത്തിൽ നിൽക്കുന്നത് ഞാൻ കണ്ടു. ഒരു നിമിഷം പോലും ആ ദിവ്യ പ്രഭയിലേയ്ക്ക് നോക്കുവാനാകാതെ ബോധരഹിതനായി ഞാൻ വീണു. ക്ഷമിക്കാനാവാത്ത തെറ്റാണ് ഞാൻ ചെയ്തത്. ദയവായി എന്നോട് പൊറുത്താലും".

രാഘവാചാര്യയ്ക്ക് സംഭവിച്ചതെല്ലാം ബോധ്യപ്പെട്ടു. ക്ഷേത്രാങ്കണത്തിൽ നിന്നും ആ വിഗ്രഹങ്ങൾ പുറത്ത് പോകാൻ ശ്രീരാമചന്ദ്ര ഭഗവാൻ അനുവദിച്ചില്ല. അദ്ദേഹം സന്തോഷത്തോടെ ഭഗവാനെ ഇങ്ങനെ പ്രകീർത്തിച്ചു, "സ്വാമീ...! മോഷ്ടിക്കപ്പെടുന്നതിൽ നിന്നും അങ്ങ് അങ്ങയെ തന്നെ സ്വയം രക്ഷിച്ചു." രാഘവാചാര്യ ആ മോഷ്ടാവിനെ ക്ഷേത്ര ഭരണാധികാരിയുടെ മുൻപിൽ എത്തിച്ചു. ക്ഷമിക്കാനാവാത്ത തെറ്റാണ് ചെയ്തത് എങ്കിലും ശ്രീരാമ ഭഗവാന്റെ ദർശനം ലഭിക്കാനുള്ള സൗഭാഗ്യം ഉണ്ടായതിനാൽ അയാളെ വെറുതെ വിട്ടു. ആചാര്യ ആ ഉത്സവ വിഗ്രഹങ്ങൾ പുണ്യാഹം തെളിച്ച് ശുദ്ധീകരിച്ചതിനു ശേഷം ശ്രീലകത്തിനുള്ളിൽ കൊണ്ടു പോയി പൂജിച്ചു. അദ്ദേഹത്തിന്റെ അവസാന ശ്വാസം വരെയും ശ്രീരാമ ഭഗവാനെ പൂജിക്കുകയും, അവസാനം മോക്ഷം പ്രാപിക്കുകയും ചെയ്തു.

|| അഞ്ചാം അദ്ധ്യായം സമാപ്തം ||

ആപദാമപ ഹതാരം ദാതാരം സർവ്വ സമ്പദാം
ലോകാഭിരാമം ശ്രീരാമം ഭൂയോ ഭൂയോ നമാമ്യഹം

|| ശ്രീ രാമരക്ഷാ വ്രതം സമാപ്തം ||

മംഗള ഹാരതി

രാമചന്ദ്രായ ജനക രാജാജ മനോഹരായ,
മാമകാ ഭീഷ്ട ധായ മഹിത മംഗളം രാമ

കോസലേശായ മന്ദഹാസ ദാസ പോഷണായ,
വാസവാധി വിനുത സദ് വരദ മംഗളം രാമ

ചാരു മേഘരൂപായ, ചന്ദനാദി ചർച്ചിതായ
ഹാര കടക ശോഭിതായ ഭൂരി മംഗളം രാമ

ലളിത രത്ന മണ്ഡലായ തുളസീ വനമാലികായ
ജലജ സദൃശ ദേഹായ ചാരു മംഗളം രാമ

ദേവകീ സുപുത്രായ, ദേവ ദേവോ ദതമായ
പവന ഗുരു വരായ, സർവ്വ മംഗളം രാമ

പുണ്ഡരീകാക്ഷായ പൂർണ്ണ ചന്ദ്ര വദനായ
അന്തജ വാഹനായ, അതുല മംഗളം രാമ

വിമല രൂപായ വിവിധ വേദാന്ത വേധ്യായ
സുമുഖ ചിത്ത കാമിതായ ശുഭദ മംഗളം രാമ

രാമദാസായ മൃദുല ഹൃദയ കമല നിവാസായ
സ്വാമി ഭദ്ര ഗിരി വരായ സർവ്വ മംഗളം രാമ

ആപദാമപ ഹതാരം ദാതാരം സർവ്വ സമ്പദാം
ലോകാഭിരാമം ശ്രീരാമം ഭൂയോ ഭൂയോ നമാമ്യഹം

മംഗളം കോസലീന്ദ്രായ മഹനീയ ഗുണാത്മനേ
ചക്രവർത്തി തനൂജായ സർവ്വ ഭൗമായ മംഗളം

www.lordofsevenhills.com
www.vratams.com